# 2025 - 2026

# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ

## എ. എൽ. പി. സ്കൂൾ പുല്ലുണ്ടശ്ശേരി

സബ്ജില്ല : ചെർപ്പുളശ്ശേരി

ജില്ല : പാലക്കാട്

Mail ID
E-mail : Alpschoolpullundassery@gmail.com

# ആമുഖം

2025-26 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം നേടുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടാനാകും. പ്രവർത്തനങ്ങൾ നല്ല രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് നമ്മുടേത്. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ കൊണ്ട് വരും വർഷങ്ങളിലും മികവുണ്ടാക്കാൻ നമുക്കു കഴിയണം. അതിനുതകുന്ന രീതിയിൽ തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

Scanned with OKEN Scanner

# എ. എൽ. പി. സ്കൂൾ
# പുല്ലുണ്ടശ്ശേരി

ചെർപ്പുളശ്ശേരി സബ്ജില്ലയിൽ കടമ്പഴിപ്പുറം പഞ്ചായത്തിലെ 15-ാം വാർഡിൽ പുല്ലുണ്ടശ്ശേരി എന്ന ശാന്തസുന്ദരമായ സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

1925 ൽ കുനിക്കോട്ടിൽ ഗോപാലൻ നായർ മാഷ്, ഏകാധ്യാപകനായി തുടങ്ങി വച്ച വിദ്യാലയം പിന്നീട് 5-10 ക്ലാസ് വരെ ഉയർന്നു. പിന്നീട് എൽ. പി. യിൽ നിന്ന് 5-ാം ക്ലാസ് എടുത്തു മാറ്റി. നാണു മാഷ്, കുട്ടൻ മാഷ്, പാറുക്കുട്ടി ടീച്ചർ തുടങ്ങിയവർ ആദ്യകാല അധ്യാപകരായിരുന്നു. പിന്നീട് സുകുമാരൻ മാഷ്, കമലാക്ഷി ടീച്ചർ, ഉമയമ്മ ടീച്ചർ, രാമചന്ദ്രൻ മാസ്റ്ററുമാണ് ഈ വിദ്യാലയത്തെ മുന്നോട്ട് നയിച്ചത്. ഏറെക്കാലം വിദ്യാലയത്തിന്റെ പ്രധാനധ്യാപകനായിരുന്നു സുകുമാരൻ മാസ്റ്റർ. 2007 മുതൽ 5 കൊല്ല കാലം രാമചന്ദ്രൻ മാഷും ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ പങ്കു വഹിച്ചവരാണ്.

ഇപ്പോഴത്തെ സ്കൂൾ മാനേജർ ശ്രീ. നാരായണൻ കുട്ടി, സ്കൂളിന്റെ ഭൗതിക സൗകര്യം ഒരുക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. 2019 ൽ ആധുനിക സൗകര്യങ്ങളോടെ കെട്ടിടം പുതുക്കി പണിതു. ചുറ്റുമതിൽ, സ്കൂളിന് സ്വന്തമായി ഒരു വാഹനവുമായി. ഇന്ന് മറ്റേതൊരു വിദ്യാലയത്തിനോടും കിട പിടിക്കുന്ന രീതിയിൽ നമ്മുടെ വിദ്യാലയം മാറി. വിശാലമായ കളിസ്ഥലം, മാനസികോല്ലാസത്തിന് പാർക്കും സെറ്റു ചെയ്തു. പൂർവ്വ വിദ്യാർഥികളുടെയും നാട്ടുകാരുടെയും സഹായസഹകരണങ്ങളും വിദ്യാലയത്തിന് കിട്ടുന്നതിന്റെ സന്തോഷം കൂടി അറിയിക്കുന്നു.

Scanned with OKEN Scanner

# പൊതു ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പു വരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ വായിക്കാനും എഴുതാനും ഉള്ള കഴിവ് ഉണ്ടാക്കുക.
- അടിസ്ഥാന ഗണിതശേഷി - ചതുഷ്ക്രിയകൾ, സംഖ്യാബോധം എല്ലാവർക്കും ഉറപ്പു വരുത്തുക.
- ശാസ്ത്രബോധം വളർത്താൻ - നിരീക്ഷണത്തിലൂടെയും അന്വേഷണങ്ങളിലൂടെയും ശാസ്ത്ര പഠനം സാധ്യമാക്കൽ.
- ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി ക്ലാസ് റൂമുകളിൽ ഉപയോഗിക്കൽ, മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടിക്ക് ലഭ്യമാക്കൽ.
- നിരന്തര മൂല്യനിർണയത്തിലൂടെ ഓരോ ടേമിലും കുട്ടികൾ നേടേണ്ട ശേഷികൾ, കുട്ടികളുടെ കഴിവുകൾ രക്ഷിതാക്കളെ അറിയിക്കാൻ CPTA, കോർണർ PTA കൾ ചേരുന്നു.
- ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാനും, അപകർഷതാബോധം ഒഴിവാക്കാനും ആക്ടീവായ കുട്ടികളെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കൽ.
- ഹരിതപെരുമാറ്റച്ചട്ടം പാലിക്കൽ, പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ നടപ്പിലാക്കൽ
- എല്ലാവരെയും മികച്ച വായനക്കാരാക്കുക.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക.
- വിദ്യാലയം - ഒരു പാഠപുസ്തകം - അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയത്തെ മാറ്റൽ

Scanned with OKEN Scanner

| അക്കാദമികം | |
|---|---|
| **നേട്ടങ്ങൾ** | **പരിമിതികൾ** |
| • അക്കാദമിക പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കുന്നു. | • മുഴുവൻ കുട്ടികൾക്കും ഭാഷ, ഗണിത ശേഷി കൈവരിക്കാൻ പറ്റുന്നില്ല. |
| • ദിനാചരണങ്ങൾ ഓരോ ക്ലാസിനും യോജിച്ച രീതിയിൽ നടപ്പാക്കുന്നു. | • പ്രവർത്തനക്ഷമമായ കമ്പ്യൂട്ടർ പ്രയാസം ഉണ്ടാക്കുന്നു. പരിഹരിക്കണം. |
| • പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പിന്തുണ പ്രവർത്തനങ്ങൾ- എല്ലാ ശനിയാഴ്ചയും അധിക ക്ലാസുകൾ | • 10% കുട്ടികൾ പിന്നോക്കം നിൽക്കുന്നവരാണ്. ഇവരുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |
| • എല്ലാ ക്ലാസിലും അനുയോജ്യമായ ക്ലാസ് ലൈബ്രറി | • മുഴുവൻ കുട്ടികളേയും വായനയിലേക്ക് നയിക്കാൻ കഴിയുന്നില്ല. |
| • സർഗ്ഗാത്മക വേദികൾ ആശയ പ്രകടന വേദികൾ പ്രോത്സാഹിപ്പിക്കുന്നു. | |
| • പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം | |
| • LSS പരിശീലനം | |
| • വിവിധ ക്വിസ് മത്സരങ്ങൾക്ക് സഹായകമായ രീതിയിൽ പ്രവർത്തനങ്ങൾ | |
| • ആധുനിക രീതിയിൽ നവീകരിച്ച കെട്ടിടം | |
| • കമ്പ്യൂട്ടർ പഠനം | |
| • മാനസികോല്ലാസത്തിന് പാർക്ക് | |

Scanned with OKEN Scanner

# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനം<br>പ്രീടെസ്റ്റ് | കാലം<br>ജൂൺ | ചുമതല<br>അധ്യാപകൻ | സാമ്പത്തികം |
|---|---|---|---|---|
| **വായന** | | | | |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുക മികച്ച വായനശീലം വളർത്തുക | ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകം ശേഖരിക്കൽ പത്രവായന ശീലിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സി പി ടി എ<br>ക്ലാസ് ടീച്ചർ | CPTA |
| അർത്ഥപൂർണ്ണമായി ആശയം ഭാവം ഉൾക്കൊണ്ട് ഭാവാത്മക വായനക്കാരാക്കുക. | ഒരു ദിവസം ഒരു കുട്ടിയെ കൊണ്ട് മൈക്കിലൂടെ ഉറക്കെ വായിപ്പിക്കുന്നു. [അസംബ്ലിയിൽ, CPTA, പഠനോത്സവം ]<br>റീഡേഴ്സ് തിയേറ്റർ - എല്ലാ ക്ലാസിനും | | " | |
| ഈണം താളം ഉൾക്കൊണ്ട് വരികളും വായ്ത്താരികളും ചൊല്ലുന്നു. | വായ്ത്താരികൾ, ചോദ്യോത്തരപാട്ട്, അഭിനയഗാനം, ഈണം മാറ്റി കവിതകൾ ചൊല്ലൽ, ആശയം/ഭാവം ഉൾക്കൊണ്ട് കവിതകൾ ചൊല്ലൽ<br>പുസ്തകങ്ങൾ വായിക്കുന്നതിനോടൊപ്പം തന്നെ കുറിപ്പ് തയ്യാറാക്കൽ. | ജൂലായ് മുതൽ മാർച്ച് വരെ | " | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ലേഖനം** | | | | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിന് | പഠന പ്രവർത്തനങ്ങളിലെ മികച്ച ഉൽപ്പന്നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാസിക തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപിക | |
| വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | | " | |
| | വിദ്യാലയ/ക്ലാസ്തല വിശേഷങ്ങൾ ഉൾപ്പെടുത്തി ക്ലാസ് പത്രം. | ജൂലായ് | " | |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങൾ/വായനക്കാർഡ് - എന്നിവയെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കുന്നു. | " | " | |
| സർഗ്ഗാത്മക രചന | കുട്ടികളുടെ ഡയറി, കയ്യെഴുത്ത് മാഗസിൻ, ചുമർപത്രം എന്നിവയിൽ നിന്നുള്ള രചനകൾ പ്രസിദ്ധീകരണം. | | " | |
| ആശയഗ്രഹണശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുന്നു. | | | |

Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകർ CPTA | ഇല്ല |
| • അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികൾക്കും എത്തിക്കൽ. | പഠന നേട്ടങ്ങൾക്കനുസരിച്ച് വർക്ക് ഷീറ്റ് തയ്യാറാക്കൽ<br>എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി ഇടപഴകാൻ ഗണിതലാബ്, ഗണിതകളികൾ ഒരുക്കൽ, ഉല്ലാസ ഗണിതം, ഗണിത വിജയം ഉപയോഗപ്പെടുത്തൽ. ഗണിതമൂല ക്രമീകരിക്കൽ. | ജൂലൈ മുതൽ മാർച്ച് വരെ | അധ്യാപകർ | CPTA |
| • ചതുഷ്ക്രിയകൾ എല്ലാവർക്കും ഉറപ്പാക്കുന്നു. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>മന: കണക്കുകൾ | " | " | ഇല്ല. |

Scanned with OKEN Scanner

## ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള വ്യവഹാര രൂപങ്ങൾക്ക് അവസരം നൽകുന്നു. | English Assembly<br>ആഴ്ചയിൽ ഒരിക്കൽ അസംബ്ലിയിൽ കുട്ടികൾ ഇംഗ്ലീഷിൽ പരിപാടികൾ അവതരിപ്പിക്കുന്നു.<br>English news reading | June to March [Weekly once] | English Club | |
| ഇംഗ്ലീഷിലുള്ള രചനകൾ മെച്ചപ്പെടുത്തൽ | 3, 4 ക്ലാസിലെ കുട്ടികൾ ഇംഗ്ലീഷിൽ ഡയറി എഴുതി അവതരിപ്പിക്കുന്നു.<br>ഇംഗ്ലീഷ് ബാലസഭ | November | Class teacher | |
| ഇംഗ്ലീഷ് - വായന സാമഗ്രി | ഇംഗ്ലീഷ് ആശയ പ്രകടനത്തിനും വായനയ്ക്കും ഉതകുന്ന Reading cards രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുന്നു. | July, August | CPTA | |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാൻ | വ്യത്യസ്ത തലത്തിലുള്ള കുട്ടികൾക്കായി Teachers വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | July onwards. | SRG | അധ്യാപകർ |

Scanned with OKEN Scanner

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തരംതിരിക്കൽ പ്രകൃതി നടത്തം | ജൂൺ, ജൂലൈ | അധ്യാപകർ | |
| • ശാസ്ത്ര പഠനത്തിൽ താല്പര്യം, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക. | കുട്ടികൾക്ക് ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് പരീക്ഷണത്തിന് തയ്യാറാക്കുന്നു. | June to March | ക്ലാസ് അധ്യാപകർ | |
| • പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കുക. പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനക്ക് കൈമാറൽ. | | HM SRG | |
| • ശുചിത്വ ശീലങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുക. | കൈ കഴുകൽ പരിശീലനം ശുചിത്വ സന്ദേശ പോസ്റ്റർ നിർമ്മാണം. | | | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ആരോഗ്യ-കായിക വിദ്യാഭ്യാസം<br><br>കുട്ടികളുടെ ആരോഗ്യ-വ്യായാമ-കായിക ക്ഷമത ഉറപ്പുവരുത്തൽ | * ലളിതമായ warm up activities<br>• സ്ഥലത്ത് നിന്നുകൊണ്ട് പതുക്കെ ഓടുക.<br>• കൈകൾ വട്ടത്തിൽ കറക്കുക<br>• ശ്വാസം ഉള്ളിലേക്ക് എടുത്ത് പുറത്തേക്ക് വിടുക.<br>• Moving exercise with music (zumba dance) | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | ഇല്ല. |
| | * ആരോഗ്യ-വ്യായാമ-കായിക ക്ഷമത ബോധവൽക്കരണ പരിപാടികൾ.<br>* കരാട്ടെ പരിശീലനം<br>* ശുചിത്വ ശീലങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്<br>* ബോധവൽക്കരണ ക്ലാസുകൾ (പൊതു വിഷയങ്ങൾ) | ജൂൺ | HM, SRG, PTA | PTA |
| | * സ്കൂൾ കായികമേള ഒരുക്കം. | ആഗസ്റ്റ് | | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രവൃത്തി പരിചയം** | | | | |
| • കുട്ടികളിലെ നിർമ്മാണ കഴിവുകൾ വികസിപ്പിക്കുന്നതിന് | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ PTA | അധ്യാപകർ |
| • പഠനവുമായി ബന്ധപ്പെട്ട് പ്രവൃത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുന്നു | ഓരോ ക്ലാസിലും പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ സഹ അധ്യാപകർ, PTA എന്നിവരുടെ സഹായത്തോടെ നടത്തുന്നു. | ജൂൺ മുതൽ | " | |
| **കലാ വിദ്യാഭ്യാസം/ സർഗവേദി** | | | | |
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക. | * ബാലസഭ (ആഴ്ച്ചയിൽ ഒരിക്കൽ)<br>* പാട്ട്, കവിത ആലാപനം പ്രഭാത സർഗവേളകളിൽ | ജൂൺ | അധ്യാപകർ | |
| വ്യത്യസ്ത കഴിവുള്ള കുട്ടികൾക്ക് അതിന്റെ വളർച്ചക്കാവശ്യമായ പരിശീലനം നൽകൽ | * ചിത്രം, കവിത, കഥ എന്നി രചനകൾക്കുള്ള ശില്പശാല കുട്ടികൾക്ക് | ജൂൺ | HM SRG | |

Scanned with OKEN Scanner